# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോന്നി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്എ ജിടിഎ പി 9 - 664/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 21/10/2021
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോന്നി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കോന്നി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോന്നി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്എ ജിടിഎ പി 9 - 664/21 തീയ്യതി: 21/10/2021

## പത്തനംതിട്ട ജില്ലയിലെ കോന്നി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കോന്നി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2020 മുതൽ 08-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി വിജയലക്ഷ്മി പി കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 09-09-2021 | 25-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-09-2021 | 25-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രദീപ്കുമാർ എൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. അരുൺ എസ് നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ഷൈജു വൈ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ലേഖാ ജനാർദ്ദനൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഹരികുമാർ എസ്, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രജനി എം | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. ശ്രീകുമാർ ആർ | സെക്രട്ടറി | 01-04-2019 | 15-07-2019 |
| ശ്രീ. ശിവദാസ് ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-07-2019 | 04-08-2019 |
| ശ്രീ. ജയപാലൻ ആർ | സെക്രട്ടറി | 05-08-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ശിവദാസ് ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ. അനീഷ് കുമാർ ജെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ഡോ. അനീസ് സി ഐ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ. അനിയൻ എ കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി ജ്യോതിലക്ഷ്മി എസ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി ഗീതാകുമാരി പി | പ്രധാനാദ്ധ്യാപിക | 01-04-2019 | 31-03-2020 |
| ശ്രീമതി ബേനസീർ എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ. ഉല്ലാസ് എൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി ഷെമിമോൾ കെ ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 01-04-2019 | 04-12-2019 |
| ശ്രീമതി രജനി പി എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 05-12-2019 | 31-03-2020 |
| ശ്രീമതി ആശാദേവി പി | വില്ലേജ് എക്സ്റ്റൻഷൻ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | ഓഫീസർ-2 | | |
| ഡോ. ഗോപിക യു കെ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ഡോ. ഗായത്രി എൽ കെ | മെഡിക്കൽ സൂപ്രണ്ട് (താലൂക്ക് ആശുപത്രി) | 01-04-2019 | 22-09-2019 |
| ഡോ. സിമി എം റ്റി | മെഡിക്കൽ സൂപ്രണ്ട് (താലൂക്ക് ആശുപത്രി) | 23-09-2019 | 20-11-2019 |
| ഡോ. ഗ്രേസ് എം ജോർജ്ജ് | മെഡിക്കൽ സൂപ്രണ്ട് (താലൂക്ക് ആശുപത്രി) | 21-11-2019 | 31-03-2020 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: Lekha Janardhanan (Senior Grade Auditor, On 27-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 08-10-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധന<br>Written By: Shyju Y (Senior Grade Auditor, On 24-09-2021)<br>Last Updated By: Johncy John (Computer Assistant, On 11-10-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Shyju Y (Senior Grade Auditor, On 24-09-2021)<br>Last Updated By: Johncy John (Computer Assistant, On 12-10-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Shyju Y (Senior Grade Auditor, On 24-09-2021)<br>Last Updated By: Johncy John (Computer Assistant, On 11-10-2021) | 1-4 |
| 5 | ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകതകൾ<br>Written By: Shyju Y (Senior Grade Auditor, On 24-09-2021)<br>Last Updated By: Johncy John (Computer Assistant, On 11-10-2021) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: Arun S Nair (Asst. Audit Officer, On 21-09-2021)<br>Last Updated By: Johncy John (Computer Assistant, On 12-10-2021) | 1-5 |
| 7 | നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ്<br>Written By: Arun S Nair (Asst. Audit Officer, On 21-09-2021)<br>Last Updated By: Johncy John (Computer Assistant, On 12-10-2021) | 1-5-1 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Arun S Nair (Asst. Audit Officer, On 25-09-2021)<br>Last Updated By: Johncy John (Computer Assistant, On 12-10-2021) | 1-6 |
| 9 | സാമൂഹ്യസുരക്ഷാ പെൻഷനുകൾ<br>Written By: Lekha Janardhanan (Senior Grade Auditor, On 27-09-2021)<br>Last Updated By: Johncy John (Computer Assistant, On 11-10-2021) | 1-7 |
| 10 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Harikumar.S (Auditor, On 26-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 08-10-2021) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: N Pradeep Kumar (Audit Officer (HG), On 27-09-2021)<br>Last Updated By: Johncy John (Computer Assistant, On 12-10-2021) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: N Pradeep Kumar (Audit Officer (HG), On 27-09-2021)<br>Last Updated By: Johncy John (Computer Assistant, On 11-10-2021) | 1-10 |
| 13 | വാടകയിനത്തിൽ വൻ തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു<br>Written By: Harikumar.S (Auditor, On 26-09-2021)<br>Last Updated By: Johncy John (Computer Assistant, On 11-10-2021) | 1-11 |
| 14 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ<br>Written By: Lekha Janardhanan (Senior Grade Auditor, On 25-09-2021)<br>Last Updated By: Johncy John (Computer Assistant, On 12-10-2021) | 1-12 |
| 15 | സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ കരാറുകാർക്ക് ജി.എസ്.റ്റി കോമ്പൻസേഷൻ നൽകി<br>Written By: N Pradeep Kumar (Audit Officer (HG), On 27-09-2021)<br>Last Updated By: Johncy John (Computer Assistant, On 12-10-2021) | 1-13 |
| 16 | ഓട പുനരുദ്ധാരണം - പ്രവൃത്തി പൂർത്തീകരിച്ചില്ല<br>Written By: N Pradeep Kumar (Audit Officer (HG), On 27-09-2021)<br>Last Updated By: Johncy John (Computer Assistant, On 12-10-2021) | 1-14 |
| 17 | ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചില്ല<br>Written By: Shyju Y (Senior Grade Auditor, On 25-09-2021)<br>Last Updated By: Johncy John (Computer Assistant, On 11-10-2021) | 1-15 |

| | | |
|---|---|---|
| 18 | ABC പ്രോഗ്രാം നടപ്പിലാക്കുന്നതിനായി തുക അടവാക്കി- തുടർ പ്രവർത്തനങ്ങളില്ല<br>Written By: Shyju Y (Senior Grade Auditor, On 25-09-2021)<br>Last Updated By: Johncy John (Computer Assistant, On 12-10-2021) | 1-16 |
| 19 | ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം- രേഖകൾ ഹാജരാക്കിയില്ല<br>Written By: Shyju Y (Senior Grade Auditor, On 25-09-2021)<br>Last Updated By: Johncy John (Computer Assistant, On 11-10-2021) | 1-17 |
| 20 | കുഴൽക്കിണർ നിർമ്മാണം- തുക ഡെപ്പോസിറ്റ് ചെയ്തതിൽ അപാകം<br>Written By: Shyju Y (Senior Grade Auditor, On 25-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 21-10-2021) | 1-18 |
| 21 | പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ജി.എസ്.റ്റി ഈടാക്കിയില്ല<br>Written By: N Pradeep Kumar (Audit Officer (HG), On 27-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 21-10-2021) | 1-19 |
| 22 | കുപ്പക്കര ആനക്കല്ല് പെരിഞ്ഞൊട്ടക്കൽ റോഡ് റീടാറിംഗ് - ഫൈൻ ഈടാക്കിയില്ല<br>Written By: N Pradeep Kumar (Audit Officer (HG), On 27-09-2021)<br>Last Updated By: N Pradeep Kumar (Audit Officer (HG), On 13-10-2021) | 1-20 |
| 23 | ബാലസഭ പ്രോജക്ടിന് നൽകിയ തുക ചെലവഴിച്ചില്ല<br>Written By: Arun S Nair (Asst. Audit Officer, On 25-09-2021)<br>Last Updated By: Johncy John (Computer Assistant, On 11-10-2021) | 1-21 |
| 24 | അഗതി രഹിത കേരളം പദ്ധതി - വികസന ഫണ്ട് പൂർണ്ണമായി ചെലവഴിച്ചില്ല<br>Written By: Arun S Nair (Asst. Audit Officer, On 25-09-2021)<br>Last Updated By: Johncy John (Computer Assistant, On 12-10-2021) | 1-22 |
| 25 | വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ വാങ്ങൽ- വാങ്ങിയ കമ്പ്യൂട്ടറുകൾ വിട്ടുനൽകിയില്ല<br>Written By: Shyju Y (Senior Grade Auditor, On 07-10-2021)<br>Last Updated By: Johncy John (Computer Assistant, On 12-10-2021) | 1-23 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Shyju Y (Senior Grade Auditor, On 25-09-2021)<br>Last Updated By: Johncy John (Computer Assistant, On 11-10-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ<br>Written By: Shyju Y (Senior Grade Auditor, On 25-09-2021)<br>Last Updated By: Johncy John (Computer Assistant, On 11-10-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം<br>Written By: N Pradeep Kumar (Audit Officer (HG), On 27-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 09-10-2021) | 4-3 |
| 4 | വായ്പ<br>Written By: N Pradeep Kumar (Audit Officer (HG), On 27-09-2021)<br>Last Updated By: Johncy John (Computer Assistant, On 11-10-2021) | 4-4 |
| 5 | സ്ഥിരനിക്ഷേപം<br>Written By: N Pradeep Kumar (Audit Officer (HG), On 27-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 09-10-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: N Pradeep Kumar (Audit Officer (HG), On 27-09-2021)<br>Last Updated By: Johncy John (Computer Assistant, On 11-10-2021) | 4-6 |

| | | |
|---|---|---|
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ<br>Written By: N Pradeep Kumar (Audit Officer (HG), On 28-09-2021)<br>Last Updated By: Johncy John (Computer Assistant, On 11-10-2021) | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: N Pradeep Kumar (Audit Officer (HG), On 27-09-2021)<br>Last Updated By: Johncy John (Computer Assistant, On 12-10-2021) | 4-8 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Arun S Nair (Asst. Audit Officer, On 12-09-2021)<br>Last Updated By: Johncy John (Computer Assistant, On 11-10-2021) | 4-9 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബഡ്ജറ്റ്

2019-20 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 1-3-2019 ലെ 1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 5-3-2020 ലെ 3(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യപത്രിക പരിശോധന

ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഷെഡ്യൂൾ B3- Capital Contribution ഇനത്തിൽ മുൻവർഷത്തെ തുക തന്നെയാണ് തൻവർഷത്തെ നീക്കിബാക്കിയായി കാണിച്ചിരിക്കുന്നത്. ഗ്രാന്റ് ചെലവുകൾ എല്ലാം തന്നെ റവന്യൂ ചെലവുകളായി ഷെഡ്യൂൾ I -6- ൽ അക്കൗണ്ട് ചെയ്തിരിക്കുന്നു. ഗ്രാന്റ് തുകകൾ ഉപയോഗിച്ച് സ്ഥിര ആസ്തികൾ സൃഷ്ടിച്ചപ്പോൾ ആയത് Capital Head -ൽ അക്കൗണ്ട് ചെയ്തില്ല.

2) ഷെഡ്യൂൾ B4- TSC ഇനത്തിൽ മുൻവർഷത്തെ തുക തന്നെയാണ് തൻവർഷവും നീക്കിബാക്കിയായി കാണിച്ചിരിക്കുന്നത്. ടി ഇനത്തിന് പ്രത്യേക ബാങ്ക് അക്കൗണ്ടില്ല. പ്രസ്തുത ഹെഡ്ഡിൽ അവശേഷിച്ചിരിക്കുന്ന തുകയുടെ കൃത്യത രേഖകളുടെ അഭാവത്തിൽ ബോധ്യപ്പെട്ടിട്ടില്ല.

3) ഷെഡ്യൂൾ B4 - SSA ഇനത്തിൽ 647306 രൂപ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്നു. തൻവർഷം പലിശയിനത്തിൽ 19562 രൂപ വരവുണ്ട്. ചെലവില്ല. മുൻവർഷങ്ങളിൽ ലഭിച്ച തുക ചെലവഴിക്കാതെ അവശേഷിച്ചിരിക്കുന്നു. ആയത് ക്രമീകരിക്കേണ്ടതാണ്.

4) ഷെഡ്യൂൾ B4- WGDP ഇനത്തിൽ 272 രൂപ അവശേഷിച്ചിരിക്കുന്നു. പ്രോജക്ട് പൂർത്തീകരിച്ചതിനാൽ ടി അക്കൗണ്ടിൽ അവശേഷിച്ചിരിക്കുന്ന തുക ക്രമീകരിക്കേണ്ടതാണ്.

5) ഷെഡ്യൂൾ B4 - Grants, Funds & Contributions For Specific Purpose ഇനത്തിൽ (Code No- 320200307) 369844 രൂപ നീക്കിബാക്കിയായി കാണിച്ചിരിക്കുന്നു. കുടുംബശ്രീ-ചലഞ്ച് ഫണ്ടിനത്തിൽ ലഭിച്ച ടി തുക നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറി അക്കൗണ്ട് ക്രമീകരിക്കേണ്ടതാണ്.

6) ഷെഡ്യൂൾ B4- Grants, Funds & Contributions For Specific Purpose ഇനത്തിൽ (Code No- 320200312) 2038566 രൂപ നീക്കിബാക്കിയായി കാണിച്ചിരിക്കുന്നു. മുൻ വർഷങ്ങളിൽ ലഭിച്ച 879714 രൂപ ബുക്ക് അഡ്ജസ്റ്റ്മെന്റ് നടത്തി വരവായി കാണിച്ചത് മൂലമാണ് ഇത്രയും തുക നീക്കിബാക്കിയായി വന്നിരിക്കുന്നത്. ആയതിന്റെ കൃത്യത ബോധ്യപ്പെട്ടില്ല.

7) ഷെഡ്യൂൾ B4- Grant From Suchitwa Mission ഇനത്തിൽ (Code No- 320200322) 2731638 രൂപ നീക്കിബാക്കിയായി കാണിച്ചിരിക്കുന്നു. നീക്കിബാക്കി തുകയോ മുൻബാക്കിയായി കാണിച്ചിരിക്കുന്ന തുകയോ കൃത്യമല്ല. ലെഡ്ജർ പരിശോധിച്ചതിൽ ചെലവ് ഹെഡ്ഡിൽ കാണിച്ചിരിക്കുന്ന പല എൻട്രികളും കൃത്യമല്ലായെന്ന് ബോധ്യപ്പെട്ടു. വാർഡ്തല സാനിറ്റേഷൻ ഇനത്തിൽ ലഭിച്ച 151400 രൂപ ടി ഹെഡ്ഡിൽ വരവ് ചെയ്തിട്ടില്ല.

8) ഷെഡ്യൂൾ B4- Contribution For Joint Venture Projects- Block Panchayat & District Panchayat ഇനങ്ങളിൽ (Code No- 320700104,105,204,205) മുൻബാക്കിയായി കാണിച്ചിരിക്കുന്ന തുകകൾ കൃത്യമല്ലാത്തതിനാൽ നീക്കിബാക്കിയായി കാണിച്ചിരിക്കുന്ന തുകകൾ കൃത്യമല്ല. മുൻവർഷങ്ങളിലെ ടി ഇനത്തിലെ ലെഡ്ജറുകൾ പരിശോധിച്ച് Joint Venture ഹെഡ്ഡിലെ അപാകത പരിഹരിക്കേണ്ടതാണ്. കൂടാതെ വിവിധ പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകൾ ടി ഹെഡ്ഡിൽ വരവായി കാണിച്ചിട്ടുണ്ടെങ്കിലും ചെലവിനത്തിൽ ആയത് ഉൾപ്പെടുത്തിയിട്ടില്ല. ഇപ്രകാരം അപാകതകൾ നിലനിൽക്കുന്നതിനാൽ നീക്കിബാക്കി തുക ജോയിന്റ് വെഞ്ച്വർ ട്രഷറി അക്കൗണ്ടിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

9) ഷെഡ്യൂൾ B4- Contribution For Joint Venture Projects- Block Panchayat ഇനത്തിൽ (Code No- 320700304) മുൻ വർഷത്തെ തുക തന്നെയാണ് തൻവർഷത്തെയും നീക്കിബാക്കിയായി കാണിച്ചിരിക്കുന്നത്. ഇത് ഏത് ഇനത്തിൽ അവശേഷിക്കുന്ന തുകയാണെന്ന് വ്യക്തമല്ല. അപാകത പരിഹരിച്ച് ടി അക്കൗണ്ട് ക്രമീകരിക്കേണ്ടതാണ്.

10) ഷെഡ്യൂൾ B4- Contribution For Joint Venture Projects- District Panchayat ഇനത്തിൽ (Code No- 320700305) മുൻ വർഷത്തെ തുക തന്നെയാണ് തൻവർഷത്തെയും നീക്കിബാക്കിയായി കാണിച്ചിരിക്കുന്നത്. ഇത് ഏത് ഇനത്തിൽ അവശേഷിക്കുന്ന തുകയാണെന്ന് വ്യക്തമല്ല. അപാകത പരിഹരിച്ച് ടി അക്കൗണ്ട് ക്രമീകരിക്കേണ്ടതാണ്.

11) ഷെഡ്യൂൾ B4- Benificiary Contribution ഇനത്തിൽ നീക്കിബാക്കിയായി കാണിച്ചിരിക്കുന്ന തുക കൃത്യമല്ല. ടി ഇനത്തിൽ ലഭിച്ച തുക പദ്ധതി നിർവ്വഹണത്തിനായി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കൈമാറിയെങ്കിലും കൃത്യമായ ജേണൽ എൻട്രി നടത്താത്തത് മൂലം വൻതുക നീക്കിബാക്കിയായി അവശേഷിച്ചിരിക്കുന്നു. അപാകത പരിഹരിക്കേണ്ടതാണ്.

12)ഷെഡ്യൂൾ B-5:- Secured Loans From Co -Operative Banks ഇനത്തിൽ 1072022 രൂപ തിരിച്ചടക്കാൻ അവശേഷിക്കുന്നതായി കാണിച്ചിരിക്കുന്നു. എന്നാൽ തിരിച്ചടക്കാൻ അവശേഷിച്ചിരിക്കുന്ന തുക ബന്ധപ്പെട്ട രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. ടി ഇനത്തിന്റെ ലെഡ്ജർ പരിശോധിച്ചതിൽ 1775311 രൂപ പെയ്മെന്റ് കാണിച്ചിരിക്കുന്നു. എന്നാൽ 775331 രൂപ തെറ്റായി പെയ്മെന്റ് കാണിച്ചതാണ്. അപാകത പരിഹരിക്കേണ്ടതാണ്.

13)ഷെഡ്യൂൾ B-9:- Recoveries Payable- Co-Operative Societies And Banks (Code No- 320700304) ഇനത്തിൽ 2200 രൂപ അധികമായി ബാധ്യത കാണിച്ചിരിക്കുന്നു.

14) ഷെഡ്യൂൾ B-9:- Governmet And Other Dues Payable-VAT (Code No- 350300103) ഇനത്തിൽ മുൻവർഷത്തെ ബാധ്യത തന്നെ തൻവർഷവും കാണിച്ചിരിക്കുന്നു. ടി ഇനത്തിൽ തുക അടവാക്കാനുണ്ടെങ്കിൽ ആയത് അടവാക്കി പ്രസ്തുത ഹെഡ്ഡ് ക്രമീകരിക്കേണ്ടതാണ്.

15)ഷെഡ്യൂൾ B-9:- Governmet And Other Dues Payable-Service Tax (Code No- 350300104) ഇനത്തിൽ 579200രൂപ ബാധ്യതയായി കാണിച്ചിട്ടുണ്ട്. ടി ഇനത്തിൽ തുക അടവാക്കാനുണ്ടെങ്കിൽ ആയത് അടവാക്കി പ്രസ്തുത ഹെഡ്ഡ് ക്രമീകരിക്കേണ്ടതാണ്.

16)ഷെഡ്യൂൾ B-9:- തൊഴിൽ നികുതി, ലൈസൻസ് ഫീ, വാടക ഇനങ്ങളിൽ അഡ്വാൻസായി പിരിച്ചെടുത്ത തുക രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

17) ഷെഡ്യൂൾ B-11:- Roads Cement Concrete ഇനത്തിൽ മുൻവർഷത്തെ തുക തന്നെയാണ് കാണിച്ചിരിക്കുന്നത്. പുതിയതായി റോഡുകൾ കോൺക്രീറ്റ് ചെയ്തുവെങ്കിലും ആസ്തിയിൽ വർദ്ധനവ് വരുത്തിയില്ല.

18) ഷെഡ്യൂൾ B-11:- Drinking Water- Pipe Lines ഇനത്തിൽ മുൻവർഷത്തെ തുക തന്നെയാണ് കാണിച്ചിരിക്കുന്നത്. പുതിയതായി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചുവെങ്കിലും ആസ്തിയിൽ വർദ്ധനവ് വരുത്തിയില്ല.

19) ഷെഡ്യൂൾ B-11(A):-Capital Work In Progree- Part Payment നടത്തിയ പ്രവൃത്തികളുടെ വിവരങ്ങൾ അസ്സിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി ഹാജരാക്കാത്തതിനാൽ ടി തുകയുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

20) ഷെഡ്യൂൾ B-15:- വസ്തുനികുതി- ഡിമാന്റ് (ഷെഡ്യൂൾ I-1), കളക്ഷൻ (ഷെഡ്യൂൾ RP-43), നീക്കിബാക്കി (ഷെഡ്യൂൾ B-15) തുകകൾ സഞ്ചയ സോഫ്റ്റ് വെയറിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

21) ഷെഡ്യൂൾ B-18:- Advance To KWA, Advance To KSEB വൻതുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണിച്ചിരിക്കുന്നു. പൂർത്തീകരിച്ച പ്രവൃത്തികളുടെ വിനിയോഗ രേഖകൾ വാങ്ങി അവ ആസ്തിയായി മാറ്റി പ്രസ്തുത ഷെഡ്യൂൾ ഇനങ്ങൾ കൃത്യാക്കേണ്ടതാണ്.

22) ഷെഡ്യൂൾ I-3:- വാടക ഇനത്തിൽ ഡിമാന്റായി കാണിച്ചിരിക്കുന്ന തുകയുടെ കൃത്യത ബോധ്യപ്പെടുന്ന തരത്തിൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

23) ഷെഡ്യൂൾ RP-1:- തൊഴിൽ നികുതി- പഞ്ചായത്ത് ജീവനക്കാരുടെ തൊഴിൽ നികുതി (ശമ്പളത്തിൽ നിന്നും നേരിട്ട് കുറവ് ചെയ്യുന്ന തുക) Receipt & Payment ഷെഡ്യൂളിൽ വരവ് രേഖപ്പെടുത്തിയിട്ടില്ല.

24) ഷെഡ്യൂൾ RP-29: പഞ്ചായത്ത് ദുരിതാശ്വാസ നിധി സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ ടി ഇനത്തിലെ വരവ്, ചെലവ് ,നീക്കിബാക്കി തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

25) ഷെഡ്യൂൾ RP-43:- തൊഴിൽ നികുതി, ലൈസൻസ് ഫീ, വാടക എന്നീ ഇനങ്ങളിലെ വരവ് തുകകൾ ബന്ധപ്പെട്ട രജിസ്റ്ററുകളുമായി പൊരുത്തപ്പെടുത്തുന്നില്ല. രജിസ്റ്ററുകളിൽ ഡി.സി.ബി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 40181771 |
| വരവ് | 96403728 |
| ആകെ | 136585499 |
| | |

| | |
|---|---|
| ചെലവ് | 81711148 |
| നീക്കിയിരിപ്പ് | 54874351 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | നീക്കിയിരിപ്പിൽ | |
|---|---|---|---|---|---|---|---|
| | | | | | | ട്രഷറി ക്യൂ ബിൽ | ലാപ്സായ തുക |
| വികസന ഫണ്ട് (ജനറൽ) | - | 15321000 | 15321000 | 13425743 | 0 | - | 1895257 |
| വികസന ഫണ്ട് (എസ്.സി.പി) | - | 10236000 | 10236000 | 6205139 | 0 | - | 4030861 |
| വികസന ഫണ്ട് (റ്റി.എസ്.പി) | - | - | - | - | - | - | - |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | - | | | | | - | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ( Un Tied) | - | 11710887 | 11710887 | 6449504 | 0 | - | 5261383 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | - | 35913000 | 35913000 | 21013711 | 0 | - | 14899289 |
| മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് | - | 5022000 | 5022000 | 2227040 | 0 | - | 2794960 |

| സംസ്ഥാനാവിഷ്കൃതം (ഇനം തിരിച്ച്) | | | | | |
|---|---|---|---|---|---|
| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
| വിമുക്തി | 40490 | - | 40490 | 29950 | 10540 |
| ശുചിത്വമിഷൻ | 1281918 | 250600 | 1532518 | 800880 | 731638 |
| എസ്.എസ്.എ | 627744 | 19562 | 647306 | 0 | 647306 |
| കേരളോത്സവം | 20000 | 0 | 20000 | 20000 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | |
| എൻ.ആർ.ഇ.ജി.എസ് | 17051 | 18331769 | 18348820 | 17691025 | 657795 |
| ഐ.സി.ഡി.എസ് | 460034 | 1104901 | 1564935 | 850000 | 714935 |
| റ്റി.എസ്.സി | 2582266 | 0 | 2582266 | 0 | 2582266 |
| മറ്റ് ഗ്രാന്റുകൾ (ഇനം തിരിച്ച്) | | | | | |
| ശബരിമല ഗ്രാന്റ് | 698455 | 1000000 | 1698455 | 535709 | 1162746 |
| ജലനിധി | 1447804 | 45671 | 1493475 | 0 | 1493475 |

## 1-4-1 ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകതകൾ

2019-20 വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ ഗ്രാന്റ് വിനിയോഗപത്രികകൾ തയ്യാറാക്കിയതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) വികസന ഫണ്ടിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച ഗ്രാന്റിൽ വിവിധ ഇനങ്ങളിൽ സർക്കാർ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത ശേഷം കിട്ടിയ തുകയാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി കാണിച്ചിട്ടുള്ളത്. ടി തുകകൾ കൂടി ഉൾപ്പെടുത്തിയാവണമായിരുന്നു ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവ് കാണിക്കേണ്ടിയിരുന്നത്. (പ്രോജക്ട് തയ്യാറാക്കി ചെലവ് കാണിച്ചതിനാൽ ടി ഇനങ്ങളിലെ ചെലവ് തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടുണ്ട്.)

| ക്രമ നം | വിഭാഗം | അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|---|
| 1 | വികസന ഫണ്ട് (ജനറൽ) | 15321000 | 13347418 | 1973582 | കെ.എസ്.ഇ.ബി കുടിശ്ശിക തുക – 41 രൂപ, അംഗനവാടി ജീവനക്കാരുടെ പ്രതിഫലം- 1620600 രൂപ, ലൈഫ് - കെ.യു.ആർ.ഡി.എഫ്.സി വായ്പ തുക- 352941 രൂപ എന്നീ ഇനങ്ങളിലാണ് സോഴ്സ് ഡിഡക്ഷൻ നടത്തിയത്. പ്രസ്തുത തുകകൾ ഗ്രാന്റ് വരവിൽ ഉൾപ്പെടുത്തിയില്ല. |
| 2 | വികസന ഫണ്ട് (എസ്.സി.പി) | 10236000 | 10177176 | 58824 | ലൈഫ് - കെ.യു.ആർ.ഡി.എഫ്.സി വായ്പ തുക- 58824 രൂപ സോഴ്സ് ഡിഡക്ഷൻ നടത്തിയിരുന്നു. പ്രസ്തുത തുക ഗ്രാന്റ് വരവിൽ ഉൾപ്പെടുത്തിയില്ല. |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 332 | 176550678 | 199 | 62136598 | 133 | 35.19 |

പ്രോജക്ടുകളുടെ എണ്ണം വളരെ അധികമാണ്. വാർഡടിസ്ഥാനത്തിൽ പശ്ചാത്തല മേഖലയിലെ പ്രോജക്ടുകൾ (മരാമത്ത് പ്രവൃത്തികൾ) ആവിഷ്കരിക്കുന്നതാണ് ഇതിന്റെ പ്രധാന കാരണം. കൃത്യമായ ആസൂത്രണമില്ലായ്മമൂലം പ്രോജക്ടുകളുടെ നിർവ്വഹണം വർഷാവസാനം വരെ നീണ്ടു പോകുന്നതിനും വലിയൊരു ശതമാനം പ്രോജക്ടുകൾ സ്പിൽ ഓവറാകാനുമുള്ള കാരണം. പഞ്ചായത്ത് ഭരണസമിതി ഈ വിഷയത്തിൽ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല. പരമ്പരാഗത പ്രോജക്ടുകളല്ലാതെ നൂതന പ്രോജക്ടുകൾ ഒന്നും തന്നെ നടപ്പിലാക്കിയിട്ടില്ല.

സ.ഉ(കൈ.) 11/2018/തസ്വഭവ തീയതി 29.1.2018 ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ച്കൊണ്ടല്ല പ്രോജക്ടുകൾ ആവിഷ്കരിച്ചത് എന്ന് വ്യക്തമാണ്. ജൈവകൃഷി, കാർഷിക വിളകളുടെ

മൂല്യവർദ്ധിത ഉത്പന്നങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന പ്രോജക്റ്റുകൾ തയ്യാറാക്കിയിട്ടില്ല. കുടുംബശ്രീയുടെ നൈപുണ്യവികസനം, സംരംഭവികസനം എന്നീ പരിപാടികളുമായി സംയോജിപ്പിച്ച് പ്രോജക്റ്റുകൾക്ക് രൂപം നൽകിയിട്ടില്ല. പയ്യനാമൺ ജി.യു.പി.എസ് മെയിന്റനൻസ്, മൃഗാശുപത്രിയ്ക്ക് ചുറ്റുമതിൽ, 52, 57,60, 64, 66 എന്നീ നമ്പർ അംഗൻവാടികളുടെ പുനരുദ്ധാരണം ഉൾപ്പെടെയുള്ള ആസ്തി സംരക്ഷണ പ്രോജക്റ്റുകളും നടപ്പിലാക്കുന്നതിന് ശ്രദ്ധിച്ചിട്ടില്ല.

## 1-5-1 നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ്

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു-

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്റ്റുകൾ | നടപ്പിലാക്കിയ പ്രോജക്റ്റുകൾ | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 44 | 28 | 30721601 | 9764563 | 31.78 |
| അസിസ്റ്റന്റ് സെക്രട്ടറി | 8 | 6 | 3241890 | 1303000 | 40.19 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 224 | 118 | 68561601 | 29362494 | 42.82 |
| കൃഷി ഓഫീസർ | 11 | 9 | 4838618 | 1155863 | 23.89 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 6 | 6 | 8907600 | 7852600 | 88.15 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 7 | 6 | 45184266 | 2794746 | 6.18 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 5 | 4146600 | 3651636 | 88.06 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 2 | 2 | 949997 | 749997 | 78.94 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 2 | 2 | 650000 | 650000 | 100.00 |
| വെറ്ററിനറി സർജൻ | 11 | 9 | 6572385 | 3180589 | 48.39 |
| പ്രധാനാദ്ധ്യാപിക, ജി.എൽ.പി.എസ് | 10 | 7 | 2426210 | 1321110 | 54.45 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 350000 | 350000 | 100.00 |
| | 332 | 199 | 176550678 | 62136598 | 35.19 |

അസിസ്റ്റന്റ് എഞ്ചിനീയർ, സെക്രട്ടറി എന്നിവരുടെ പ്രോജക്റ്റുകളുടെ നിർവ്വഹണത്തിന്റെ ശതമാനം വളരെ കുറവാണ്. പ്രോജക്റ്റുകൾ തൻ വർഷം സമയബന്ധിതമായി നിർവ്വഹിക്കാതെ സ്പിൽ ഓവറാക്കുന്ന പ്രവണത ശരിയല്ല. പദ്ധതി നിർവ്വഹണത്തിൽ ഭരണസമിതി കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു-

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 17051.50 | 1026103 | 1043154.50 | 385360 | 657794.50 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 16266922 | 16266922 | 16266922 | 0 |
| 100 തൊഴിൽദിനം പൂർത്തിയാക്കിയവർക്ക് നൽകിയ ബോണസ് തുക | 0 | 398000 | 398000 | 398000 | 0 |

## 1-7 സാമൂഹ്യസുരക്ഷാ പെൻഷനുകൾ

| ക്രമ നമ്പർ | പെൻഷൻ ഇനം | ചെലവ് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 1700400 | 298 |
| 2 | മാനസിക – ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 2098600 | 400 |
| 3 | വിധവാ പെൻഷൻ | 5779800 | 1012 |
| 4 | വാർദ്ധക്യകാല പെൻഷൻ | 16749300 | 2784 |
| 5 | അവിവാവിഹതരായ 50 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 129600 | 20 |
| 6 | തൊഴിൽരഹിത വേതനം | 45600 | 32 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.09.2021 തീയതിയിൽ 11.00 AM-ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പ് തുകയായ 170 (നൂറ്റി എഴുപത് രൂപ മാത്രം) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതികൾക്ക് ഫലപ്രദമായ മോണിട്ടറിംഗ് ഇല്ല. ഉദാഹരണമായി, പദ്ധതിയിൽപ്പെടുത്തി ഡെപ്പോസിറ്റ് പ്രവൃത്തികൾ, എസ്.എസ്.എ എന്നിവക്കായി തുക ചെലവഴിച്ചെങ്കിലും ഫലപ്രദമായ വിനിയോഗം ഉറപ്പാക്കുന്നതിന് മോണിട്ടറിംഗ് ഉണ്ടായിട്ടില്ല. അഗതിരഹിത കേരളം പദ്ധതിയും മോണിട്ടറിംഗ് ഇല്ലാത്തതിനാൽ നിശ്ചലാവസ്ഥയിലാണ്.

2. തെരുവുവിളക്കുകൾ വാങ്ങുന്നതിന്റെയും സ്ഥാപിക്കുന്നതിനായി വിതരണം ചെയ്യുന്നതിന്റെയും വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

3. ആസ്തി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്തിട്ടുണ്ടെങ്കിലും കഴിഞ്ഞ വർഷങ്ങളിൽ പുതുതായി സൃഷ്ടിച്ച ആസ്തികളുടെ വിവരം ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4. തൊഴിൽ നികുതി, വാടക എന്നിവയുടെ രജിസ്റ്ററുകൾ കൃത്യമല്ല. വാർഷിക ഡി.സി.ബി കണക്കാക്കിയിട്ടില്ല. തൊഴിൽ നികുതി രജിസ്റ്ററിൽ പിരിവിന്റെ വിവരം പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ കുടിശ്ശികയുടെ വിവരം ഉൾപ്പെടുത്തിയിട്ടില്ല.

5. ഡെപ്പോസിറ്റ് പ്രവൃത്തികളിന്മേൽ മോണിട്ടറിംഗ് നടത്തുന്നില്ല.

6. പ്രവർത്തിക്കുന്ന കുടിവെള്ള ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തുന്നതിന് വാട്ടർ അതോറിറ്റിയുമായി സംയുക്തപരിശോധന നടത്തിയിട്ടില്ല.

7. സംയുക്ത പദ്ധതിവിഹിതം നിർദ്ദിഷ്ട പദ്ധതികൾക്ക് വിനിയോഗിക്കാതെ വകമാറ്റി ചെലവഴിച്ച് വരുന്നു.

8. വൌച്ചറുകളുടെയും പദ്ധതി ഫയലുകളുടെയും സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്.

9. സ്വന്തം ആസ്തികളിൽത്തന്നെയോണോ പൊതുമരാമത്ത് പ്രവൃത്തികൾ ചെയ്യുന്നത് എന്ന് ബന്ധപ്പെട്ട എസ്റ്റിമേറ്റ് റിപ്പോർട്ടുകളിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

10. പഞ്ചായത്തിന്റെ തനത് ഫണ്ട് കൈകാര്യം ചെയ്യുന്ന ബാങ്ക് അക്കൌണ്ടുകളിലും ജനറൽ പർപ്പസ് ഫണ്ട് ക്രയവിക്രയം ചെയ്യുന്ന ട്രഷറി റ്റി.എസ്.ബി അക്കൌണ്ടിലുമായി 4 കോടി രൂപ വർഷാന്ത്യത്തിൽ നീക്കിയിരുപ്പ് ഉണ്ട്. ബാദ്ധ്യതകൾ കുറവ് ചെയ്താൽത്തന്നെ ഗണ്യമായ തുക നീക്കിബാക്കിയുണ്ട്. കോന്നി മാർക്കറ്റിൽ കാലപ്പഴക്കം ചെന്ന ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം അപകടാവസ്ഥയിലാണ്. പര്യാപ്തമായ ഫണ്ട് ഉള്ളപ്പോഴും പുതിയ ഷോപ്പിംഗ് കോംപ്ലക്സ് പണിയുന്നതിൽ ഗുരുതരമായ അലംഭാവമാണ് പഞ്ചായത്തിന്റെ ഭാഗത്ത് നിലനിൽക്കുന്നത്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.8.2021 മുതൽ 18.8.2021 വരെ | 1/2020 മുതൽ 3/2021 വരെ | 01.09.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 7.3.2014 മുതൽ 21.3.2014 വരെ | 2008-09 മുതൽ 2012-13 വരെ | വിവരം ലഭ്യമാക്കിയില്ല |

## 1-11 വാടകയിനത്തിൽ വൻ തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു

ഗ്രാമ പഞ്ചായത്തിൽ വാടകയിനത്തിൽ വൻ തുക പിരിച്ചെടുക്കുവാനുണ്ട്. 2018-19- ലെ വാടക കുടിശ്ശികയിനത്തിൽ 297000രൂപയും 2019-20-ലെ വാടകയിനത്തിൽ 764778രൂപയും ലഭിക്കാനുണ്ട്. ഗ്രാമപഞ്ചായത്തിലെ ശ്രീനാരായണപുരം മാർക്കറ്റിലെ ഫിഷ് സ്റ്റാളുകളിൽ നിന്നുമാണ് ഇത്രയും തുക വാടകയിനത്തിൽ ലഭിക്കാനുള്ളത്. മാർക്കറ്റിലെ 1, 2, 3, 4, 5, 16, 17 സ്റ്റാളുകളിൽ നിന്നും പരമ്പരാഗത മത്സ്യ തൊഴിലാളികൾക്ക് അനുവദിച്ചിട്ടുള്ള സ്റ്റാളുകളിൽ നിന്നും 2019-20-ലെ വാടക പിരിച്ചെടുക്കാനുണ്ട്. ആകെയുള്ള 49 സ്റ്റാളുകളിൽ 23 എണ്ണം പ്രതിമാസം 1500രൂപ വാടകയ്ക്ക് 2018-19-ൽ പരമ്പരാഗത മത്സ്യ തൊഴിലാളികൾക്ക് അനുവദിച്ചിട്ടുള്ളതാണ്. 2018-19-ൽ മൂന്നു മാസത്തെ വാടക മുൻകൂറായി അടച്ചതല്ലാതെ വാടകക്കാർ പിന്നീട് വാടകയിനത്തിൽ യാതൊരു തുകയും ഒടുക്കിയിട്ടില്ല. സ്റ്റാളുകളുടെ ഇലക്ട്രിസിറ്റി ചാർജ്ജ്, വെള്ളക്കരം എന്നിവയും ടിയാളുകളിൽ നിന്നും ഈടാക്കാനുണ്ട്.

2019-20-ലെ വാടക കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ

| സ്റ്റാളിന്റെയും വാടകക്കാരന്റെയും വിവരങ്ങൾ | വാടക | വാടക കുടിശ്ശിക വരുത്തിയ കാലയളവ് | ആകെ വാടക കുടിശ്ശിക |
|---|---|---|---|
| ഫിഷ് സ്റ്റാൾ 1- ഉമ്മർ റാവുത്തർ, പുന്നമൂട്ടിൽ | 11550 | 07/19 മുതൽ 03/20 വരെ | 103950 |
| ഫിഷ് സ്റ്റാൾ 2-ഉമ്മർ റാവുത്തർ, പുന്നമൂട്ടിൽ | 3570 | 04/19 മുതൽ 03/20 വരെ | 42840 |
| ഫിഷ് സ്റ്റാൾ 3-ഉമ്മർ റാവുത്തർ, പുന്നമൂട്ടിൽ | 3549 | 04/19 മുതൽ 03/20വരെ | 42588 |
| ഫിഷ് സ്റ്റാൾ 4- ഹാരിസ്, ചരിവുപുരയിടത്തിൽ | 3800 | 04/19 മുതൽ 03/20വരെ | 45600 |
| ഫിഷ് സ്റ്റാൾ 5-ബിജു മുഹമ്മദ്, തടത്തിൽ പുത്തൻവീട് | 3700 | 04/19 മുതൽ 03/20വരെ | 44400 |
| ഫിഷ് സ്റ്റാൾ 16- ഷാനവാസ്, കരിമ്പിലായ്ക്കൽ | 3750 | 04/19 മുതൽ 03/20വരെ | 45000 |
| ഫിഷ് സ്റ്റാൾ 17-ഷാനവാസ്, കരിമ്പിലായ്ക്കൽ | 3700 | 04/19 മുതൽ 03/20വരെ | 44400 |
| പരമ്പരാഗത മത്സ്യ തൊഴിലാളികൾക്ക് അനുവദിച്ച മത്സ്യ സ്റ്റാളുകൾ | | | |

| | | | |
|---|---|---|---|
| ഫിഷ് സ്റ്റാൾ 26-അബൂബക്കർ, ചരിവുപുരയിടം | 1500 | 04/19 മുതൽ 03/20വരെ | 18000 |
| ഫിഷ് സ്റ്റാൾ 27-അബ്ദുൾ കരീം ഇ.എസ്., ഇടത്തോടിയിൽ പുത്തൻവീട് | 1500 | 04/19 മുതൽ 03/20വരെ | 18000 |
| ഫിഷ് സ്റ്റാൾ 28-അഷ്റഫ് പ്ലാമൂട്ടിൽ, പൂവൻപാറ | 1500 | 04/19 മുതൽ 03/20വരെ | 18000 |
| ഫിഷ് സ്റ്റാൾ 29-കബീർ, കരിമ്പിലായ്ക്കൽ | 1500 | 04/19 മുതൽ 03/20വരെ | 18000 |
| ഫിഷ് സ്റ്റാൾ 30-സുബൈർ ലബ്ബ എം, തുണ്ടിൽ പറമ്പിൽ | 1500 | 04/19 മുതൽ 03/20വരെ | 18000 |
| ഫിഷ് സ്റ്റാൾ 31-നൂഹ മുഹമ്മദ്, മുല്ലയ്ക്കൽ മേലേതിൽ | 1500 | 04/19 മുതൽ 03/20വരെ | 18000 |
| ഫിഷ് സ്റ്റാൾ 32-റഷീദ്, കറ്റുവെട്ടിൽ പുത്തൻവീട് | 1500 | 04/19 മുതൽ 03/20വരെ | 18000 |
| ഫിഷ് സ്റ്റാൾ 33-ഹുസൈൻ യു., കരിമ്പിലായ്ക്കൽ | 1500 | 04/19 മുതൽ 03/20വരെ | 18000 |
| ഫിഷ് സ്റ്റാൾ 34-അബ്ദുൾ കരിം എം.എം., എവൂ മൻസിൽ | 1500 | 04/19 മുതൽ 03/20വരെ | 18000 |
| ഫിഷ് സ്റ്റാൾ 35-ഷാജഹാൻ, കറ്റുവീട്ടിൽ പുത്തൻവീട് | 1500 | 04/19 മുതൽ 03/20വരെ | 18000 |
| ഫിഷ് സ്റ്റാൾ 36-കുഞ്ഞുമോൻ, തൻസീർ മൻസിൽ | 1500 | 04/19 മുതൽ 03/20വരെ | 18000 |
| ഫിഷ് സ്റ്റാൾ 37- ഉമ്മർ റാവുത്തർ, പുന്നമൂട്ടിൽ വീട് | 1500 | 04/19 മുതൽ 03/20വരെ | 18000 |
| ഫിഷ് സ്റ്റാൾ 38-അബ്ദുൾ അസീസ്, കെ.എച്ച്., പുന്നമൂട്ടിൽ | 1500 | 04/19 മുതൽ 03/20വരെ | 18000 |
| ഫിഷ് സ്റ്റാൾ 39-ഉമ്മർ കെ.കെ., കളർ നിൽക്കുന്നതിൽ | 1500 | 04/19 മുതൽ 03/20വരെ | 18000 |
| ഫിഷ് സ്റ്റാൾ 40-അയൂബ്ഖാൻ ഇ.എസ്., ഇടത്തോടിയിൽ പുത്തൻവീട് | 1500 | 04/19 മുതൽ 03/20വരെ | 18000 |
| ഫിഷ് സ്റ്റാൾ 42-ഹബീബ് എം.കെ., കളർനിൽക്കുന്നതിൽ | 1500 | 04/19 മുതൽ 03/20വരെ | 18000 |
| ഫിഷ് സ്റ്റാൾ 43-ജമാൽ കെ.എച്ച്., പുന്നമൂട്ടിൽ വീട് | 1500 | 04/19 മുതൽ 03/20വരെ | 18000 |
| ഫിഷ് സ്റ്റാൾ 44-റഷീദ് വി.എച്ച്., വടക്കേതലയ്ക്കൽ | 1500 | 04/19 മുതൽ 03/20വരെ | 18000 |
| ഫിഷ് സ്റ്റാൾ 45-മുഹമ്മദ് ബുഹാരി, മരുതിമൂട്ടിൽ പുത്തൻവീട് | 1500 | 04/19 മുതൽ 03/20വരെ | 18000 |
| ഫിഷ് സ്റ്റാൾ 46-അബ്ദുൾ റഷീദ് തടത്തിൽ വീട് | 1500 | 04/19 മുതൽ 03/20വരെ | 18000 |
| ഫിഷ് സ്റ്റാൾ 47-യൂസഫ്, റിസ്‌വാൾ മൻസിൽ | 1500 | 04/19 മുതൽ 03/20വരെ | 18000 |
| ഫിഷ് സ്റ്റാൾ 49-അബ്ദുൾ മുത്തലിബ്, | 1500 | 04/19 മുതൽ | 18000 |

| | | | |
|---|---|---|---|
| കരിമ്പിലായ്ക്കൽ | | 03/20വരെ | |
| ആകെ | | | 764778 +(GST+Flood Cess+PI) |
| 2018-19-ലെ വാടക കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ | | | |
| പരമ്പരാഗത മത്സ്യ തൊഴിലാളികൾക്ക് അനുവദിച്ച 26 മുതൽ 40 വരെ, 42 മുതൽ 47 വരെ, 49 നമ്പർ മത്സ്യ സ്റ്റാളുകൾ (22 എണ്ണം) | 1500 | 04/18 മുതൽ 12/18 വരെ | 22x(1500x9)=297000 +(GST+Flood Cess+PI) |

വാടക കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (3/20.09.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. വാടക കുടിശ്ശിക വരുത്തിയവർ തന്നെ കടമുറികൾ കൈവശം വച്ച് ഉപയോഗിച്ച് വരികയാണ്. കുടിശ്ശിക പിരിച്ചെടുക്കുന്നതിന് പഞ്ചായത്ത് റവന്യൂ റിക്കവറി, പ്രോസിക്യൂഷൻ നടപടികൾ ആരംഭിച്ചെങ്കിലും വാടകക്കാരിൽ ഒരാൾ ഹൈക്കോടതിയെ സമീപിച്ചതിനെത്തുടർന്ന് പ്രസ്തുത നടപടികൾ തടസ്സപ്പെട്ടിരിക്കുകയാണ്. പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങളിൽ ഒന്നായ വാടകയിനത്തിലുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിലെ തടസ്സങ്ങൾ ഒഴിവാക്കുന്നതിന് അടിയന്തിര നിയമ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

1. സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല

ഓഡിറ്റ് വർഷം ചുവടെ പറയുന്ന വ്യാപാര സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയതായി ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട കാലയളവ് |
|---|---|---|
| 1 | സപ്ളൈകോ - സൂപ്പർമാർക്കറ്റ് | ഒന്നാം അർദ്ധ വർഷം |
| 2 | സപ്ളൈകോ - ശബരി മെഡിക്കൽ സ്റ്റോർ | ഒന്നാം അർദ്ധ വർഷം |
| 3 | മണപ്പുറം ഫിനാൻസ് ലിമിറ്റഡ്, കോന്നി | ഒന്നാം അർദ്ധ വർഷം |
| 4 | കെ എസ് എഫ് ഇ ലിമിറ്റഡ്, കോന്നി | ഒന്നും രണ്ടും അർദ്ധ വർഷം |
| 5 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ്, കോന്നി | ഒന്നാം അർദ്ധ വർഷം |
| 6 | സിൻഡിക്കേറ്റ് ബാങ്ക്, കോന്നി | ഒന്നാം അർദ്ധ വർഷം |
| 7 | മിനി മുത്തൂറ്റ് നിധി ലിമിറ്റഡ്, കോന്നി | ഒന്നും രണ്ടും അർദ്ധ വർഷം |
| 8 | മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ്, അതിരുങ്കൽ | ഒന്നും രണ്ടും അർദ്ധ വർഷം |
| 9 | സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡ്, കോന്നി | ഒന്നാം അർദ്ധ വർഷം |
| 10 | ഇൻഡ്യൻ ബാങ്ക്, കോന്നി | ഒന്നാം അർദ്ധ വർഷം |
| 11 | താഴെയിൽ നിധി ലിമിറ്റഡ്, കോന്നി | ഒന്നും രണ്ടും അർദ്ധ വർഷം |
| 12 | മുളമൂട്ടിൽ കൺസ്യൂമർ ക്രെഡിറ്റ്സ് | ഒന്നും രണ്ടും |

| | | |
|---|---|---|
| | | അർദ്ധ വർഷം |
| 13 | പത്തനംതിട്ട കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കോന്നി | ഒന്നും രണ്ടും അർദ്ധ വർഷം |
| 14 | ബാങ്ക് ഓഫ് ബറോഡാ, കോന്നി | ഒന്നാം അർദ്ധ വർഷം |
| 15 | മണിമുറ്റത്ത് നിധി ലിമിറ്റഡ്, കോന്നി | ഒന്നും രണ്ടും അർദ്ധ വർഷം |
| 16 | കോന്നി അഗ്രിക്കൾച്ചറൽ റൂറൽ ഡെവലപ്മെന്റ് കോ-ഓപ്പറേറ്റിവ് സൊസൈറ്റി,കോന്നി | ഒന്നും രണ്ടും അർദ്ധ വർഷം |
| 17 | മുത്തൂറ്റ് സിൻഡിക്കേറ്റ് നിധി ലിമിറ്റഡ്, കോന്നി | ഒന്നും രണ്ടും അർദ്ധ വർഷം |
| 18 | ജിയോജിത്ത് ഫിനാൻഷ്യൽ സർവീസ് | രണ്ടാം അർദ്ധ വർഷം |
| 19 | എസ് ബി ഐ കോന്നി | രണ്ടാം അർദ്ധ വർഷം |

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. പിരിച്ചെടുത്ത തുകയുടെ എല്ലാ വിവരവും രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതും ഒടുക്കാത്തവരിൽ നിന്നും ആയത് ഈടാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതുമാണ്.

2. <u>പൊതുമരാമത്ത് പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല</u>

പഞ്ചായത്തിന്റെ പരിധിയിൽ പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കി വരുന്ന ചുവടെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല.

| ക്രമ നം | കരാറുകാരുടെ പേര് |
|---|---|
| 1 | അനിൽ കുമാർ ജി, ചീക്കനാൽ പുത്തൻ വീട്, കോന്നി |
| 2 | സാംസൺ സാമുവൽ, മണലൂർ, അട്ടച്ചാക്കൽ, കോന്നി |
| 3 | ഷിജു കെ വർഗ്ഗീസ്, കടക്കൽ പുത്തൻവീട്, പയ്യനാമൺ, കോന്നി |
| 4 | സി വി വർഗ്ഗീസ്, കടക്കൽ പുത്തൻവീട്, കോന്നി |
| 5 | എസ് റ്റി ഷാജികുമാർ, തുണ്ടിയിൽ, മങ്ങാരം, കോന്നി |
| 6 | മുഹമ്മദ് അസീസ്, പുളിക്കപ്പതാലിൽ, മങ്ങാരം, കോന്നി |
| 7 | ബബിലൂ റ്റോം സക്കറിയാ, കാർമല എസ്റ്റേറ്റ്, പയ്യനാമൺ, കോന്നി |
| 8 | കെ എ തങ്കപ്പൻ, പല്ലേത്തുപീടികയിൽ അട്ടച്ചാക്കൽ, കോന്നി |
| 9 | സുമ ജോർജ് പാലക്കുന്നിൽ, കുമ്പഴ |
| 10 | ജയപ്രകാശ് ആർ, ശാന്തി മന്ദിരം, അരുവാപ്പുലം |
| 11 | അബ്ദുൾ സലാം നാസർ, പള്ളിവടക്കേതിൽ, മങ്ങാരം, കോന്നി |
| 12 | ജോൺസൺ തോമസ്, കണ്ടത്തിൽ, ചെങ്ങറ |
| 13 | അസീസ് എം എം, മുതിരക്കാലായിൽ, മൂവാറ്റുപുഴ |
| 14 | ജയകുമാർ പിള്ള, മേലേതിൽ, കോന്നി |
| 15 | ബഷീർ, പറങ്കിമൂട്ടിൽ, കോന്നി |
| 16 | കെ എ തങ്കച്ചൻ, പല്ലത്തുപീടികയിൽ, കോന്നി |
| 17 | ഡെന്നി മാത്യു, തോപ്പിൽ, അട്ടച്ചാക്കൽ, കോന്നി |
| 18 | സുനിത സി, ചാക്കിലേത്തി തുണ്ടിയിൽ, കോന്നി |
| 19 | രാജേശ്വരി സി ആർ, തേക്കുമല പുത്തൻവീട്, പയ്യനാമൺ |
| 20 | മാത്യു ജോർജ്ജ്, മധുക്കുഴിയിൽ, മങ്ങാരം, കോന്നി |
| | |

| | |
|---|---|
| 21 | ബാബു, പൂവണ്ണത്തിൽ, ചെങ്ങറ |
| 22 | മുകേഷ് ദാസ്, ഇലഞ്ഞിക്കൽ, കോന്നി |

പ്രസ്തുത കരാറുകാർ മറ്റേതെങ്കിലും തദ്ദേശഭരണ സ്ഥാപനത്തിൽ തൊഴിൽനികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം അവരുടെ അർദ്ധ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കിയശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3.തൊഴിൽ നികുതി രജിസ്റ്റർ അപൂർണ്ണം

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ രണ്ട് അർദ്ധവർഷങ്ങളിലും ജീവനക്കാരുടെ ശമ്പളത്തിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപനതൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശവും രേഖപ്പെടുത്തിയിട്ടില്ല. ഡി.സി.ബി സംക്ഷിപ്തം തയ്യാറാക്കി ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. രജിസ്റ്റർ പ്രകാരം 148110 രൂപ ഈടാക്കുവാൻ അവശേഷിക്കുന്നു. കുടിശ്ശികതുക ഈടാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതും ഡിമാന്റ് രജിസ്റ്റർ കൃത്യമാക്കേണ്ടതുമാണ്.

## 1-13 സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ കരാറുകാർക്ക് ജി.എസ്.റ്റി കോമ്പൻസേഷൻ നൽകി

എസ്റ്റിമേറ്റിൽ ജി.എസ്.റ്റി ഉൾപ്പെടുത്തിയിട്ടില്ലാത്ത പൊതുമരാമത്ത് പ്രവൃത്തികൾ പൂർത്തിയാക്കുമ്പോൾ ജി.എസ്.റ്റി ഇനത്തിൽ കരാറുകാർക്കുണ്ടായിട്ടുള്ള അധിക ബാദ്ധ്യത അവർക്ക് തിരികെ നൽകേണ്ടതുണ്ട് എന്ന് 27.11.2017 ഡി.ബി3-9058/17/CE/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ജി.എസ്.റ്റി കോമ്പൻസേഷൻ തിരികെ നൽകേണ്ട എല്ലാ പ്രവൃത്തികളുടെയും പേരും ജി.എസ്.റ്റി തുകയും ഉൾക്കൊള്ളുന്ന ഒരു ഒറ്റ പ്രോജക്റ്റ് തയ്യാറാക്കേണ്ടതും, കരാറുകാരൻ അടച്ച തുക സർക്കാർ ഉത്തരവ് പ്രകാരം ആണെന്ന് ഉറപ്പാക്കുന്നതിന്റെയും അടച്ച തുകയുടെ രേഖ പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ ബന്ധപ്പെട്ട എഞ്ചിനീയർ തുക കരാറുകാരന്റെ അക്കൌണ്ടിലേക്ക് നൽകേണ്ടതുമാണെന്നും പ്രസ്തുത സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. പൊതുമരാമത്ത് പ്രവൃത്തികൾക്ക് ജി.എസ്.റ്റി ഒടുക്കുന്നത് സംബന്ധിച്ച് കരാറുകാർ ഓരോ വർഷവും ഒരു സെൽഫ് ഡിക്ലറേഷൻ ഫോം ജി.എസ്.റ്റി വകുപ്പിലും തദ്ദേശഭരണ സ്ഥാപനത്തിലും സമർപ്പിക്കേണ്ടതാണെന്ന് തുടർന്ന് 29.9.2018ൽ സ.ഉ(സാധാ.) നമ്പർ 2532/2018/തസ്വഭവ ആയി പുറപ്പെടുവിച്ച ഉത്തരവിലൂടെ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ 2019-20 ൽ കരാറുകാർക്ക് ജി.എസ്.റ്റി കോമ്പൻസേഷൻ നൽകിയപ്പോൾ ഈ വ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടില്ല. ഓരോ പ്രവൃത്തിയുടെയും ബില്ലിൽത്തന്നെ ജി.എസ്.റ്റി കോമ്പൻസേഷൻ കൂടി ഉൾപ്പെടുത്തിയാണ് പ്രതിഫലം നൽകിയിട്ടുള്ളത്. ഗ്രാമപ്പഞ്ചായത്തിൽ നടപ്പാക്കിയ പ്രവൃത്തികൾക്ക് കരാറുകാർ ജി.എസ്.റ്റി അടച്ചതിന്റെയോ സെൽഫ് ഡിക്ലറേഷൻ സമർപ്പിച്ചതിന്റെയോ രേഖകൾ വാങ്ങി ബോദ്ധ്യപ്പെടാതെയാണ് ജി.എസ്.റ്റി കോമ്പൻസേഷൻ നൽകിയിട്ടുള്ളത്. പ്രവൃത്തിമൂല്യത്തുക 2.5 ലക്ഷത്തിൽ കുറവ് ഉള്ള പ്രവൃത്തികൾക്ക് ബില്ലിൽ നിന്ന് രണ്ട് ശതമാനം ജി.എസ്.റ്റി ഈടാക്കേണ്ടാത്തതിനാൽ ഇത്തരം പ്രവൃത്തികളുടെ വിവരം ജി.എസ്.റ്റി വകുപ്പിന് ലഭിക്കുന്നില്ല എന്ന സാഹചര്യവുമുണ്ട്. മേൽസൂചിപ്പിച്ച അപാകം ഉള്ളതും പ്രവൃത്തിമൂല്യത്തുക 2.5 ലക്ഷത്തിൽ കുറവുള്ളതുമായ പ്രവൃത്തികളുടെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര്, അടങ്കൽ | കരാറുകാരന്റെ പേര് | ആകെ പ്രവൃത്തിമൂല്യം (TD കുറച്ച തുക) | ജി.എസ്.റ്റി കോമ്പൻസേഷൻ നൽകിയത് (12%) | ട്രഷറി ബിൽ നമ്പർ, തീയതി |
|---|---|---|---|---|---|
| 1 | കൊയിക്കലേത്ത് പടി വിളയത്ത് പടി റോഡ് കോൺക്രീറ്റിംഗ് 150000 | സി.വി.വർഗീസ് | 107707 | 12925 | 90/9.12.19 |
| 2 | കാസിം മൻസിൽപ്പടി ചരിവുകാലായിൽപ്പടി റോഡ് | ജി.അനിൽകുമാർ | 58370 | 7004 | 98/ 9.12.19 |

| | | | | | |
|---|---|---|---|---|---|
| | കോൺക്രീറ്റിംഗ് 75000 | | | | |
| 3 | ഓമണ്ണിൽപ്പടി തോപ്പിൽക്കടവ് റോഡ് 300000 | സുമ ജോർജ് | 193822 | 23259 | 100 / 24.12.19 |
| 4 | അയത്തിൽപ്പടി റോഡ് കൺക്രീറ്റിംഗ് 200000 | മുഹമ്മദ് അനീസ് | 142767 | 17132 | 77/ 14.11.19 |
| 5 | അട്ടച്ചാക്കൽ സൊസൈറ്റിപ്പടി അമ്പായിപ്പടി റോഡ് സൈഡ് പ്രൊട്ടക്ഷൻ 200000 | സാംസൺ ശമുവൽ | 175675 | 21081 | 95 / 9.12.19 |
| 6 | കോയിക്കലേത്ത് പടി വിളയത്ത് പടി റോഡ് കോൺക്രീറ്റിംഗ് 150000 | സി.വി.വർഗീസ് | 107707 | 12925 | 90/ 9.12.19 |
| 7 | പന്തലുകുത്തി വെയിറ്റിംഗ് ഷെഡ് - അട്ടച്ചാക്കൽ കണ്ണമ്മൂല റോഡ് കോൺക്രീറ്റിംഗ് 200000 | K.A.തങ്കച്ചൻ | 129102 | 15499 | 99/ 24.12.19 |
| 8 | മാങ്കുളം - കരിമ്പിലായിക്കൽ ഐറിഷ് ഡ്രെയിൻ കോൺക്രീറ്റിംഗ് 250000 | മുഹമ്മദ് അനീസ് | 222702 | 26724 | 87/ 30.11.19 |
| 9 | കാളാഞ്ചിറ കല്ലുവിളപ്പടി റോഡ് കോൺക്രീറ്റിംഗ് 200000 | മുഹമ്മദ് അനീസ് | 175123 | 21015 | 85/ 30.11.19 |
| 10 | തച്ചിറമണ്ണിൽപ്പടി പൂവള്ളിയിൽപ്പടി റോഡ് കോൺക്രീറ്റിംഗ് 200000 | ഷിജ്ജ.കെ. വർഗീസ് | 144017 | 17282 | 89/9.12.19 |
| 11 | അംഗൻവാടി നമ്പർ 49 പുനരുദ്ധാരണം 100000 | ഷാജികുമാർ | 99756 | 11971 | Cheque No 5279920/ 16.4.2020 |

അപാകം സംബന്ധിച്ച് 21.9.2021 ൽ 11-ാം നമ്പരായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല. കരാറുകാരൻ ജി.എസ്.റ്റി അടച്ചതിന്റെ രേഖകൾ വാങ്ങി ബോദ്ധ്യപ്പെട്ടശേഷം മാത്രം നടപ്പ് വർഷം മുതൽ ജി.എസ്.റ്റി കോമ്പൻസേഷൻ അനുവദിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഓഡിറ്റ് വർഷത്തെ പ്രവൃത്തികളുടെ ജി.എസ്.റ്റി തുക കരാറുകാർ ഒടുക്കിയതിന്റെ രേഖകൾ വാങ്ങി അടുത്ത ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-14 ഓട പുനരുദ്ധാരണം - പ്രവൃത്തി പൂർത്തീകരിച്ചില്ല

നാരായണപുരം മാർക്കറ്റ് മയൂര ഏലാ-വള്ളാട്ട് തോട് ഓട 65 മീറ്റർ നീളത്തിൽ പാർശ്വഭിത്തി ഉയർത്തുന്നതിനും ഓടയ്ക്ക് കവർ സ്ലാബ് ഇടുന്നതിനും 50 മീറ്റർ നീളത്തിൽ ഓട പുതുതായി പണിയുന്നതിനുമാണ് 2017-18 ൽ പദ്ധതി ആവിഷ്കരിച്ചത് (SO231/17-18 അടങ്കൽ 797200). 21.3.18 ലെ റീ- ഇ ടെണ്ടറിൽ 658547 രൂപ ക്വോട്ട് ചെയ്ത ശ്രീ. മുഹമ്മദ് അനീസിന്റെ ടെണ്ടർ അംഗീകരിച്ച് 31.3.18 ൽ എഗ്രിമെന്റിൽ ഏർപ്പെട്ടു.

നിലവിലുള്ള ഓടയ്ക്ക് 23.75 മീറ്റർ നീളത്തിൽ Side Wall ഉയർത്തൽ, 54.3 M നീളത്തിൽ കവറിംഗ് സ്ലാബ് നിർമ്മാണം എന്നീ ഇനങ്ങളിലായി 18.3.19 വരെ ചെയ്ത പ്രവൃത്തിയുടെ മൂല്യം 226537 എന്ന് കണക്കാക്കിയശേഷം പാർട്ട് ബിൽ മാറി നൽകിയിട്ടുണ്ട് (ബിൽ നമ്പർ 21/11.6.19). ബാക്കി പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല.

അപാകം സംബന്ധിച്ച് 25.9.2021 ൽ 18 -ാം നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടിയായി, ഓടയിൽ മാലിന്യങ്ങൾ നിറഞ്ഞ് കിടന്നതിനാലും തൊഴിലാളികളെക്കൊണ്ട് നീക്കം ചെയ്യാൻ പ്രായോഗിക ബുദ്ധിമുട്ട് നേരിട്ടതിനാലും ബാക്കി പ്രവൃത്തി ചെയ്യാൻ കഴിഞ്ഞില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ വാക്കാൽ വിശദീകരിച്ചു.

പ്രവൃത്തി 2018-19 ൽ പാതിവഴിയിൽ ഉപേക്ഷിച്ച കരാറുകാരനെതിരെ കരാറിലെ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഭാഗത്തുനിന്ന് വീഴ്ചയുണ്ടായിട്ടുണ്ട്. കരാറുകാരന്റെ ജാമ്യ നിക്ഷേപതുക കണ്ടുകെട്ടി കരാറുകാരന്റെ നഷ്ടോത്തരവാദത്തിൽ പ്രവൃത്തി മറ്റൊരു ഏജൻസി മുഖാന്തിരം പൂർത്തിയാക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചില്ല

ഗ്രാമപഞ്ചായത്തിലെ വിവിധ പ്രവൃത്തികൾക്കായി 1170241 രൂപ കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം/ ചെക്ക് നം | മുൻകൂർ നൽകിയ തുക |
|---|---|---|---|
| കേരള വാട്ടർ അതോറിറ്റി, പത്തനംതിട്ട | സ്വന്തമായി കെട്ടിടമുള്ള അംഗനവാടികൾക്ക് കുടിവെള്ള കണക്ഷൻ (15/19-20) | ബിൽ നം-18 /Dtd 16-11-2019 | 37600 |
| കേരള വാട്ടർ അതോറിറ്റി, പത്തനംതിട്ട | വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈനുകൾ സ്ഥാപിക്കൽ (233/21) | ബിൽ നം-9 /Dtd 11-06-2019 | 290000 |
| കെ.എസ്.ഇ.ബി കോന്നി | വിവിധ വാർഡുകളിൽ വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ (18/21) | ബിൽ നം-30 /Dtd 10-12-2019 | 527088 |
| കെ.എസ്.ഇ.ബി കോന്നി | അംഗൻവാടി വൈദ്യുതീകരണം (112/21) | ബിൽ നം-27 /Dtd 16-11-2019 | 17761 |
| കെ.എസ്.ഇ.ബി കോന്നി | അംഗനവാടികൾക്ക് വൈദ്യുതി കണക്ഷൻ (223/21) | ബിൽ നം-4 /Dtd 07-04-2019 | 297792 |

മുകളിൽ ചൂണ്ടിക്കാട്ടിയ പ്രവൃത്തികൾ എഗ്രിമെന്റ് പ്രകാരം 2020 മാർച്ച് 31-നകം പൂർത്തീകരിക്കേണ്ടതായിരുന്നുവെങ്കിലും ഓഡിറ്റ് സമയത്തും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. പ്രവർത്തികൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-16 ABC പ്രോഗ്രാം നടപ്പിലാക്കുന്നതിനായി തുക അടവാക്കി- തുടർ പ്രവർത്തനങ്ങളില്ല

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | ABC പ്രോഗ്രാം-കുടുംബശ്രീ മിഷന് തുക നൽകൽ (393/19) |
| വകയിരുത്തിയ തുക | വികസന ഫണ്ട്- 105000 രൂപ |

| | |
|---|---|
| ചെലവഴിച്ച തുക | 105000 രൂപ |
| ബിൽ നമ്പരും തീയതിയും | ബിൽ നം-36 തീയതി 18-11-2019 |
| നിരവ്വഹണം | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |

തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണത്തിനായി ജില്ലാ കുടുംബശ്രീ മിഷനും മൃഗസംരക്ഷണ വകുപ്പും ചേർന്ന് നടപ്പിലാക്കുന്ന ABC പ്രോഗ്രാം എന്ന പദ്ധതിക്കായി ഗ്രാമപഞ്ചായത്തിൽ നിന്നും 2019-20 സാമ്പത്തിക വർഷം 105000രൂപ ABC പ്രോഗ്രാം ജില്ലാ മിഷൻ കോർഡിനേറ്റർക്ക് കൈമാറിയിട്ടുണ്ട്. ജില്ലാ കുടുംബശ്രീ മിഷന്റെ ആഭിമുഖ്യത്തിൽ ഗ്രാമപഞ്ചായത്തിൽ നടത്തിയ.പദ്ധതി പ്രവർത്തനത്തിന്റെ വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നമ്പർ- 11/23-09-2021) മറുപടി ലഭിച്ചില്ല. പദ്ധതി പ്രവർത്തനങ്ങളൊന്നും നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടെങ്കിൽ ആയതിന്മേൽ നടപടി സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം നിർവ്വഹണ സ്ഥാപനത്തിന് നൽകിയ തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-17 ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം- രേഖകൾ ഹാജരാക്കിയില്ല

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിലെ കുടിവെള്ള ക്ഷാമം അനുഭവപ്പെട്ട പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനായി ടെണ്ടർ നടപടികൾ സ്വീകരിച്ച് ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം നടത്തിയിരുന്നു. കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ ജയപ്രകാശ്, ശാന്തിമന്ദിരം, അരുവാപ്പുലം എന്നയാളുടെ ടെണ്ടറാണ് ഭരണസമിതിയുടെ 17-04-19 -ലെ 1(1) -ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചത്. കിലോമീറ്ററിന് 82 രൂപ എന്നുള്ള നിരക്കിൽ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നാണ് തുക വിനിയോഗിച്ചിട്ടുള്ളത്. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കുടിവെള്ളം വിതരണം നടത്തിയ കാലയളവ് | ചെക്ക് നമ്പരും തീയതിയും | തുക |
|---|---|---|---|
| 1 | 12/04/2019- 25/04/2019 | 7982 തീയതി 08-05-2019 | 60000 |
| 2 | 03/05/2019 - 27/05/2019 | 07992 തീയതി 01-06-2019 | 301292 |
| 3 | 28/05/2019 - 05/06/2019 | 0967233 തീയതി 15-06-2019 | 134840 |
| 4 | 14/03/2020 - 21/03/2020 | 5167തീയതി 27-03-2020 | 240000 |
| | | ആകെ | 736132 |

തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 27-02-2020 ലെ സ.ഉ(സാധാ) നം-494/2020/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം ജി.പി.എസ് ലോഗും വാഹനത്തിന്റെ ലോഗ് ബുക്കും ക്രോസ്സ് ചെക്ക് ചെയ്ത് സുതാര്യത ഉറപ്പുവരുത്തിയാണ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി തുക നൽകേണ്ടിയിരുന്നത്. എന്നാൽ സർക്കാർ ഉത്തരവിലെ പ്രസ്തുത നിബന്ധന പാലിക്കാതെയാണ് തുക നൽകിയിരിക്കുന്നത്. കുടിവെള്ള വിതരണത്തിനായി വാഹനം ഓടുന്ന ദൂരത്തിന് ആനുപാതികമായാണോ തുക നൽകിയതെന്നും വാഹനം പഞ്ചായത്ത് പ്രദേശത്ത് തന്നെയാണോ കുടിവെള്ള വിതരണം നടത്തിയതെന്നും ഉറപ്പുവരുത്തുന്നതിനാണ് സർക്കാർ പ്രസ്തുത നിബന്ധന കർശനമാക്കിയത്. അപാകത ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി (നമ്പർ- 6 തീയതി 16-09-2021) നൽകിയെങ്കിലും ജി.പി.എസ് ലോഗ് ഹാജരാക്കുകയോ മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. അപാകത ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ ചെലവ് തുകയായ 736132 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 കുഴൽക്കിണർ നിർമ്മാണം- തുക ഡെപ്പോസിറ്റ് ചെയ്തതിൽ അപാകം

കോന്നി മുരിങ്ങമംഗലം ശബരിമല ഇടത്താവളത്തിൽ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് കുഴൽക്കിണർ നിർമ്മിക്കുന്നതിനായി 79992 രൂപ ചെക്ക് നം- 0967277 തീയതി 16-11-2019 പ്രകാരം പത്തനംതിട്ട ഭൂജലവകുപ്പ് ജില്ലാ ഓഫീസിൽ ഡെപ്പോസിറ്റ് ചെയ്തു. ഭരണസമിതിയുടെ 05-10-2019-ലെ 2(3) ാം നമ്പർ തീരുമാനപ്രകാരമാണ് തുക അടവാക്കിയത്. കുഴൽക്കിണർ നിർമ്മാണത്തിനായി 40840 രൂപയും ഹാന്റ് പമ്പ് സ്ഥാപിക്കുന്നതിനായി 39152

രൂപയും അടങ്ങുന്നതായിരുന്ന എസ്റ്റിമേറ്റ്. 11-12-2019-ലെ ജി.ഡബ്ല്യൂ.ഡി / 1192/18 പി.റ്റി.എ നമ്പർ കത്ത് പ്രകാരം ഭൂജല വകുപ്പ് ജില്ലാ ഓഫീസറുടെ പൂർത്തീകരണ റിപ്പോർട്ട് പ്രകാരം കുഴൽക്കിണർ നിർമ്മാണം മാത്രമാണ് പൂർത്തീകരിച്ചത്. ആയതിന് 47250 രൂപ ചെലവഴിക്കുകയും ചെയ്തു. തുടർന്ന് ഹാന്റ് പമ്പ് സ്ഥാപിക്കുന്നതിനായി 110000 രൂപയുടെ പുതിയ എസ്റ്റിമേറ്റ് നൽകുകയും , നിലവിൽ പ്രസ്തുത പ്രവൃത്തി ഇനത്തിൽ ഭൂജല വകുപ്പിൽ ബാക്കി നിന്ന 32742 രൂപയുടെ കൂടെ 77258 രൂപ കൂടി ചേർത്ത് ഭരണസമിതിയുടെ 28-12-2019-ലെ 9 (1) ാം നമ്പർ തീരുമാന പ്രകാരം ഡെപ്പോസിറ്റ് ചെയ്യാൻ തീരുമാനിച്ചു. ആയതനുസരിച്ച് ചെക്ക് നം-0967291 തീയതി 13-02-2020 പ്രകാരം 77258 രൂപ കൂടി ഡെപ്പോസിറ്റ് ചെയ്തു. പ്രസ്തുത പ്രവൃത്തിയ്ക്ക് പ്രോജക്ട് തയ്യാറാക്കി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങിയിട്ടില്ല.

ആദ്യ എസ്റ്റിമേറ്റിൽ ഹാന്റ് പമ്പിന് 39152 രൂപയുടെ എസ്റ്റിമേറ്റ് ഉണ്ടായിരുന്നെങ്കിലും ആയത് പൂർത്തിയാക്കാതെ രണ്ടാമത്തെ എസ്റ്റിമേറ്റ് പ്രകാരം 110000 രൂപ (ആദ്യ എസ്റ്റിമേറ്റിൽ ബാക്കി നിന്ന തുക ഉൾപ്പെടെ) അടവാക്കിയത് ഏത് സാഹചര്യത്തിലാണെന്നും വ്യക്തമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം-4 തീയതി 16-09-2021)നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ടി പ്രവൃത്തിക്ക് ഗ്രാമപഞ്ചായത്ത് ഭൂജലവകുപ്പുമായി എഗ്രിമെന്റ് വച്ചിട്ടില്ല. ഓഡിറ്റ് ചൂണ്ടിക്കാട്ടിയ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതും പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ ഫൈനൽ ബില്ലിന്റെ പകർപ്പും പെർഫോമൻസ് റിപ്പോർട്ടും പൂർത്തീകരണ സർട്ടിഫിക്കറ്റും ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-19 പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ജി.എസ്.റ്റി ഈടാക്കിയില്ല

സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 87/ 2017 തസ്വഭവ തീയതി 1.11.2017 പ്രകാരം ഗ്രാമപ്പഞ്ചായത്ത് നടപ്പാക്കിയതും പ്രവൃത്തിമൂല്യം 2.5 ലക്ഷത്തിൽ അധികരിച്ചതുമായ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും TDS ആയി 2 % ജി.എസ്.റ്റി ഈടാക്കി ഒടുക്കേണ്ടിയിരുന്നു. എന്നാൽ ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും 2 % GST ഈടാക്കിയിട്ടില്ല.

| ക്രമനമ്പർ | പ്രവൃത്തിയുടെ പേര്, അടങ്കൽ | കരാറുകാരൻ | പ്രവൃത്തി മൂല്യം | ബിൽ നമ്പർ | 2% ജി.എസ്.ടി ഈടാക്കേണ്ടത് |
|---|---|---|---|---|---|
| 1 | വടക്കുംപുറം ക്രോസ് ജംഗ്ഷൻ മേലകത്ത് റോഡ് സൈഡ് കെട്ട്, റോഡ് കോൺക്രീറ്റിംഗ് 500000 | രാജേന്ദ്രൻ കെ എൻ | 398122 | 19/11.6.19 | 7962 |
| 2 | തുണ്ടിമുക്ക് കുരങ്ങാനം പൊയ്ക റോഡ് കോൺക്രീറ്റിംഗ് 560000 | ജയപ്രകാശ് ആർ | 399875 | 29/20.7.19 30/20.7.19 | 7998 |
| 3 | അട്ടച്ചാക്കൽ അടവിക്കുഴി വാട്ടർ ടാങ്ക് റോഡ് പുനരുദ്ധാരണം 500000 | ജയപ്രകാശ് ആർ | 347288 | 32&37/ 20.7.19 | 6946 |
| 4 | ആനക്കൂട് വൈരശ്ശേരി റോഡിൽ നടപ്പാത, സ്റ്റെപ്പ്, പാർശ്വഭിത്തി 497500 | സാംസൺ ശമുവൽ | 381180 | 52/ 25.7.19 (Final Bill) | 7624 |
| 5 | പൊന്തനാംകുഴി | ഷൌക്കത്തലി | 255994 | 20/11.6.19 | 5120 |

| | | | | | |
|---|---|---|---|---|---|
| | വല്ല്യപുരക്കൽ നടപ്പാത, സംരക്ഷണഭിത്തി 350000 | | | 78/14.11.19 79/14.11.19 | |
| | ആകെ | | | | 35650 |

മേൽവിഷയം സംബന്ധിച്ച് 25.9.2021 ൽ 17 ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. ബില്ലിൽ നിന്നും ജി.എസ്.റ്റി കുറവ് ചെയ്യാത്തത് വഴി കരാറുകാർക്ക് അധികപ്രതിഫലം നൽകിയിട്ടിണ്ട്. ആയത് കരാറുകാരിൽ നിന്നും തിരികെ ഈടാക്കി സംസ്ഥാന ഫണ്ടിലേക്ക് ഒടുക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-20 കുപ്പക്കര ആനക്കല്ല് പെരിഞ്ഞൊട്ടക്കൽ റോഡ് റീടാറിംഗ് - ഫൈൻ ഈടാക്കിയില്ല

2019-20 ലെ വാർഷിക പദ്ധതി പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തിക്ക് (പ്രോജക്ട് നമ്പർ 279/20, അടങ്കൽ 695411 ) ഇ-ടെണ്ടറിലൂടെ 701330 രൂപ ക്വോട്ട് ചെയ്ത ശ്രീ. സാംസൺ ശാമുവേൽ എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിച്ചിരുന്നു. ടെണ്ടർ അംഗീകരിച്ചശേഷം 31.3.18 ൽ ടിയാൻ ഗ്രാമപ്പഞ്ചായത്തുമായി എഗ്രിമെന്റിൽ ഏർപ്പെട്ടു(എഗ്രിമെന്റ് നമ്പർ 177/AE/KGP/17-18 തീയതി 31-3-2018). 2720 ച.മീറ്റർ റോഡ് റീടാറിംഗ് ആണ് പ്രവൃത്തിയുടെ ഭാഗമായി ചെയ്തത്. പ്രവൃത്തിമൂല്യം 695411 രൂപ എന്ന് കണക്കാക്കിയതിന്റെ അടിസ്ഥാനത്തിൽ ആദായനികുതി, നിർമ്മാണത്തൊഴിലാളി ക്ഷേമനിധി, ജി.എസ്.റ്റി, കാലിബാരലിന്റെ വില എന്നിവ കുറവ് ചെയത് പ്രതിഫലത്തുക കരാറുകാരന് നൽകി. (ട്രഷറി ബിൽ നമ്പർ 45/ 19-20 695411 )

എഗ്രിമെന്റ് പ്രകാരം 4 മാസം ആണ് പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ്. ആയതിന് വിരുദ്ധമായി 31.3.18 ൽ ആരംഭിച്ച പ്രവൃത്തി 15.5.19 ൽ മാത്രമാണ് പൂർത്തീകരിച്ചത്. ജി.ഓ.പി.13/2012/ PWD തീയതി 1-2-2012 പ്രകാരമുള്ള കേരള പൊതുമരാമത്ത് മാനവലിന്റെ സെക്ഷൻ 2112 അനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള സമയ ദീർഘീകരണം ആദ്യതവണ ഒറിജിനൽ സമയത്തിന്റെ 25 % അല്ലെങ്കിൽ 6 മാസം ഏതാണോ കുറവ് അതിൽ അധികരിക്കാൻ പാടില്ല. കാലാവധി ദീർഘിപ്പിക്കുന്നതിന് ഒറിജിനൽ കാലാവധിക്കുള്ളിൽ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപ്രകാരം പിഴ ഈടാക്കി പരമാവധി ദീർഘിപ്പിക്കാവുന്ന കാലാവധി ഒറിജിനൽ സമയത്തിന്റെ 50 % ആണ്. എന്നാൽ കരാറുകാരന്റെ അപേക്ഷ പ്രകാരം പ്രവൃത്തിക്ക് ഫൈൻ ഈടാക്കി പൂർത്തീകരണകാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടില്ല.

നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുകയോ കാലവിളംബത്തിന് ഫൈൻ ഒടുക്കി സമയം ദീർഘിപ്പിച്ച് വാങ്ങുകയോ ചെയ്യാത്ത പ്രവൃത്തികളിൽ കാലവിളംബം ഉണ്ടാകുന്ന ഓരോ ആഴ്ചയ്ക്കും പി.എ.സി യുടെ 0.1 % ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കണം. (2012 ലെ പൊതുമരാമത്ത് മാനവൽ സെക്ഷൻ 2116 (1)). എന്നാൽ മേൽസൂചിപ്പിച്ച പ്രവൃത്തിയുടെ കാലവിളംബത്തിന് ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കിയില്ല. ഈടാക്കേണ്ട ലിക്വിഡേറ്റഡ് ഡാമേജിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

കരാർ തുക (PAC) - 695411

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി : 31-7-2018

പൂർത്തീകരിച്ച തീയതി : 15-5-2019

ലിക്വിഡേറ്റഡ് ഡാമേജ് - 695411 X (0.1 / 100)X 39 = 27121

( 31-7-2018 മുതൽ 15-5-2019 വരെ 39 ആഴ്ച)

ഈ വിഷയം സംബന്ധിച്ച് 25.9.21 ൽ 18 -ാം നമ്പരായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല. ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കാത്തത് വഴി കരാറുകാരന് 27121 രൂപ അധിക പ്രതിഫലം നൽകിയിട്ടുണ്ട്. ടി തുക കരാറുകാരനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 1-21 ബാലസഭ പ്രോജക്ടിന് നൽകിയ തുക ചെലവഴിച്ചില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര്/നം. | 50/20, ബാലസഭ |
| വകയിരുത്തിയ തുക | 100000/- (വികസന ഫണ്ട് - ജനറൽ) |
| | |

| | |
|---|---|
| ചെലവ് വിവരങ്ങൾ | 100000/-<br>ട്രഷറി ബിൽ നം. 1905105201100823399/14.11.2019 |

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നിർവ്വഹിച്ച പ്രസ്തുത പ്രോജക്ടിന് 100000 രൂപ സിഡിഎസിന്റെ അഗതി രഹിത കേരളം അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ പ്രകാരം ബാലസഭ പ്രവർത്തനങ്ങൾക്ക് ആകെ ചെലവഴിക്കാൻ കഴിയുന്നത് 55000 രൂപയാണ്. ആയതിനാൽ അധികം പിൻവലിച്ച 45000 രൂപ തിരികെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്കിയിട്ടുണ്ട്. ബാക്കിയുള്ള എന്നാൽ ബാലസഭ പ്രവർത്തനങ്ങൾക്കായി നൽകിയ 55000 രൂപ നാളിതുവരെ ചെലവഴിച്ചിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/20.9.2021) ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് സാഹചര്യം കാരണമാണ് ഫണ്ട് ചെലവഴിക്കാൻ കഴിയാഞ്ഞത് എന്നും എത്രയും വേഗം പദ്ധതി നടപ്പിലാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുക നൽകിയ സമയത്ത് (നവംബർ 2019) കോവിഡ് പ്രതിസന്ധിയില്ലായിരുന്നു. ആയതിനാൽ തുക ചെലവഴിക്കാത്തത് സി.ഡി.എസിന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയായി വിലയിരുത്തുന്നു. വികസനഫണ്ടിനത്തിലുള്ള തുക പിൻവലിച്ച് മറ്റൊരക്കൗണ്ടിൽ സൂക്ഷിക്കുന്നത് ക്രമമല്ല. ആയതിനാൽ ടി തുക നിലവിലും ചെലവഴിക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതിനാൽ കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 അഗതി രഹിത കേരളം പദ്ധതി - വികസന ഫണ്ട് പൂർണ്ണമായി ചെലവഴിച്ചില്ല

പഞ്ചായത്തിലെ അശരണരും നിരാലംബരുമായ മുഴുവൻ കുടുംബങ്ങളേയും, നിലവിലെ ആശ്രയ പദ്ധതിയിലുൾപ്പെട്ടിട്ടുള്ളവരും തുടർന്നും സേവനം അർഹരായവരുമായ ഗുണഭോക്താകളെയും കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനാണ് അഗതി രഹിത കേരളം എന്ന പദ്ധതി സർക്കാർ ആവിഷ്കരിച്ചത്. 10.3.2019-ലാണ് കോന്നി ഗ്രാമപഞ്ചായത്തിന്റെ അഗതി രഹിത കേരളം പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചത്. 1065611 6/- രൂപ അടങ്കലുള്ള പ്രസ്തുത പദ്ധതിയ്ക്ക് തൻ വർഷം ലഭിച്ച തുകയുടെയും ചെലവിന്റെയും വിവരം ചുവടെ ചേർക്കുന്നു-

| ഇനം | വരവ് | ഇനം | ചെലവ് |
|---|---|---|---|
| വികസന ഫണ്ട് | 10000 | ഭക്ഷണ വിതരണം | 612941 |
| പലിശ | 19782 | അദാലത്ത് സംഘാടനം | 2325 |

ആശ്രയ രണ്ടാം ഘട്ട പദ്ധതിയുടെ ബാലൻസ് തുകയായ 864575/- രൂപ പ്രസ്തുത പദ്ധതിയ്ക്കായി ആരംഭിച്ച് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. വികസന ഫണ്ട് ഇനത്തിൽ ലഭിച്ച തുക (ട്രഷറി ബിൽ നം. 1905105201100823398/14.11.2019) ചെലവഴിക്കാതെ അവശേഷിക്കുന്നു. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (10/20.9.2021) മറുപടിയായി പ്രസ്തുത തുക അഗതി രഹിത കേരളം ഗുണഭോക്താവിന് ഭവന നിർമ്മാണത്തിന് ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട് എന്ന് അറിയിച്ചു. പദ്ധതി നടത്തിപ്പിൽ ഭരണസമിതിയും സിഡിഎസും വേണ്ടത്ര ശ്രദ്ധിക്കുന്നില്ല.

## 1-23 വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ വാങ്ങൽ- വാങ്ങിയ കമ്പ്യൂട്ടറുകൾ വിട്ടുനൽകിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേരും നമ്പരും | വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ- വിതരണവിവരം സംബന്ധിച്ച്, 19/2020 |
| ഫണ്ടിനം | തനത് ഫണ്ട് - 260000 രൂപ |
| ചെലവഴിച്ച തുക | തനത് ഫണ്ട്- 219420 രൂപ (ചെക്ക് നം. 0967283/9.1.2020) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |

വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്ന പദ്ധതി പ്രകാരം നാല് കമ്പ്യൂട്ടറുകൾ കെൽട്രോണിൽ നിന്നും വാങ്ങി. പ്രോജക്ട് ഫയൽ പ്രകാരം ആയുർവേദ ആശുപത്രി, വെറ്റിറിനറി ആശുപത്രി, കൃഷി ഓഫീസ്, ജി.എൽ.പി.എസ്- പയ്യാനാമൺ എന്നീ സ്ഥാപനങ്ങൾക്കു നൽകുന്നതിനു വേണ്ടിയാണ് ഇവ വാങ്ങിയത്. എന്നാൽ വാങ്ങിയ കമ്പ്യൂട്ടറുകളിൽ ഒരെണ്ണം ആയുർവേദ ആശുപത്രിക്ക് മാത്രമാണ് കൈമാറിയിട്ടുള്ളത്. ബാക്കി മൂന്ന് കമ്പ്യൂട്ടറുകളും ഗ്രാമപഞ്ചായത്ത് ഓഫീസിൽ ഉപയോഗിച്ച് വരികയാണ്. ഇതിൽ നിന്നും സ്ഥാപനങ്ങളുടെ ആവശ്യകത കണക്കിലെടുത്തല്ല ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത് എന്ന് വ്യക്തമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം-4/21 തീയതി 20/09/2021) മറുപടി ലഭ്യമാക്കിയില്ല. വിട്ടുകിട്ടിയ

സ്ഥാപനങ്ങളുടെ ആവശ്യങ്ങൾക്കായി വാങ്ങിയ കമ്പ്യൂട്ടറുകൾ പ്രസ്തുത സ്ഥാപനങ്ങൾക്ക് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, കോന്നി | 1000000 | മിനി മാസ്റ്റ് ലൈറ്റ് | 1000000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, കോന്നി | 50000 | ശാരീരിക മാനസിക വൈകല്യമുള്ളവർക്ക് സ്കോളർഷിപ്പ് | 500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, കോന്നി | 150000 | അംഗനവാടി പോഷകാഹാരം | 1500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, കോന്നി | 100000 | ക്ഷീരകർഷകർക്ക് പാലിന് സബ്ബ്സിഡി | 100000 | 0 |
| ജില്ലാ പഞ്ചായത്ത് , പത്തനംതിട്ട | 40000 | നെൽകൃഷി വികസനം | 39180 | 420 |
| ജില്ലാ പഞ്ചായത്ത് , പത്തനംതിട്ട | 200000 | അംഗനവാടി പോഷകാഹാര പരിപാടി | 100000 | 100000 |
| ജില്ലാ പഞ്ചായത്ത് , പത്തനംതിട്ട | 200000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| ജില്ലാ പഞ്ചായത്ത് , പത്തനംതിട്ട | 100000 | ക്ഷീരകർഷകർക്ക് പാലിന് സബ്ബസിഡി നൽകൽ | 100000 | 0 |

| | | | | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് , പത്തനംതിട്ട | 565465 | കൈതക്കുന്ന അംഗനവാടി നിർമ്മാണം-രണ്ടാം ഘട്ടം | 427801 | |
| ജില്ലാ പഞ്ചായത്ത് , പത്തനംതിട്ട | 700000 | ബഡ്സ് സ്കൂൾ നിർമ്മാണം | 599022 | 100978 |
| | | | | |

## 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം/ ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി, പത്തനംതിട്ട | സ്വന്തമായി കെട്ടിടമുള്ള അംഗനവാടികൾക്ക് കുടിവെള്ള കണക്ഷൻ (15/19-20) | ബിൽ നം-18 /Dtd 16-11-2019 | 37600 | - | 37600 |
| കേരള വാട്ടർ അതോറിറ്റി, പത്തനംതിട്ട | വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈനുകൾ സ്ഥാപിക്കൽ (233/21) | ബിൽ നം-9 /Dtd 11-06-2019 | 290000 | - | 290000 |
| കെ.എസ്.ഇ.ബി കോന്നി | വിവിധ വാർഡുകളിൽ വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ (18/21) | ബിൽ നം-30 /Dtd 10-12-2019 | 527088 | - | 527088 |
| കെ.എസ്.ഇ.ബി കോന്നി | അംഗൻവാടി വൈദ്യുതീകരണം (112/21) | ബിൽ നം-27 /Dtd 16-11-2019 | 17761 | - | 17761 |
| കെ.എസ്.ഇ.ബി കോന്നി | അംഗനവാടികൾക്ക് വൈദ്യുതി കണക്ഷൻ (223/21) | ബിൽ നം-4 /Dtd 07-04-2019 | 297792 | - | 297792 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-4 വായ്പ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| | | | ബാക്കിയുണ്ടായിരുന്ന തുക | | | ബാക്കിയുള്ള തുക |
| ലൈഫ് മിഷൻ ഭവന നിർമ്മാണം | GO(MS)563/10/LSGD Dtd 22.2.10 ; റീജിയണൽ കോപ്പറേറ്റിവ് ബാങ്ക്, കോന്നി | | 2064217 | 1000000 | ഇല്ല | 1064217 |
| | GO(MS) 68/2018/LSGD Dated 18.5.18 KURDFC | | 4161064 | 411766 | ഇല്ല | 3749298 |

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ, തിയ്യതി |
|---|---|---|---|---|
| 1999-2000 | (2) 13 | 421749 | ശ്രീ.ജി.ശിവരാമകൃഷ്ണൻ, സെക്രട്ടറി | 119020400033 മുതൽ 119020400041 വരെ തീയതി 2.3.2020 |
| 2018-19 | 1-19(2) | 24665 | അസിസ്റ്റന്റ് എഞ്ചിനീയർ | 119020111686 / 18.3.2020 |
| 2018-19 | 1-19(1) | 3389 | അസിസ്റ്റന്റ് എഞ്ചിനീയർ | 119020111687 / 18.3.2020 |
| 2018-19 | 1-22 | 3934 | അസിസ്റ്റന്റ് എഞ്ചിനീയർ | 1190201116878 / 18.3.2020 |
| ആകെ | | 453737 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2001-02 | IV.3.2(1) | അധികമായി സാധനങ്ങൾ വാങ്ങിയതിന് നൽകിയ തുക അംഗീകരിക്കുന്നില്ല | പരാമർശം നിലനിൽക്കുന്നു |
| | IV.3.2(2) | വനിതാ സ്വയംതൊഴിൽ പദ്ധതി- അർഹതയില്ലാത്തവർക്ക് ധനസഹായം നൽകി | ടി |
| | IV.3.3(3) | പയ്യനാമൺ വേങ്ങതടിക്കൽ ലക്ഷംവീട് കോളനി റോഡ് ഉദ്ധാരണം - ക്രമക്കേട് | ടി |
| 2016-17 | 2014-15 2-1 | തൊഴിൽ നികുതി - അപാകതകൾ | ടി |
| | 2015-16 | ടി- | ടി |

| | | | |
|---|---|---|---|
| | 2-5 | | |
| | 2015-16 2-6 | ടി | ടി |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് മുന്നിരിപ്പ് ഉൾപ്പെടെ | : | 136585499 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 81711148 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 736132 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 736132 | ശ്രീ. ജയപാലൻ ആർ, സെക്രട്ടറി |
| ആകെ | 736132 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 35650 | ശ്രീ. അനീഷ് കുമാർ ജെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 35650 | |

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ജയപാലൻ.ആർ, സെക്രട്ടറി | സെക്രട്ടറി, കോന്നി ഗ്രാമപ്പഞ്ചായത്ത് | സുകൃതം, കരീപ്ര, കുഴിമതിക്കാട് പി.ഒ, കൊല്ലം (ജില്ല) 691509 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ-പി 9/363/2010 തീയതി 07-07-2010 | 8 |
| 1996-97 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി2/125/1997തീയതി 06-02-1999 | 2 |
| 2001-02 (ഡി.സി.ബി& ഫൈനൽ) | എൽ.എഫ്.പി.റ്റി.എ-പി2/818/2004തീയതി 13-06-2005 | 4 |

| | | |
|---|---|---|
| 2002-03 (ഫുൾ) | എൽ.എഫ്.പി.റ്റി.എ-പി.2/184/2005 തീയതി 17-08-2005 | 6 |
| 2003-04 (ഫുൾ) | എൽ.എഫ്.പി.റ്റി.എ-പി.9/22/09- തീയതി 14-04-10/17-12-10 | 9 |
| 1996-97 (ഡി.സി.ബി& ഫൈനൽ) | എൽ.എഫ്.പി.റ്റി.എ-പി 09/465/08 തീയതി 31-10-2009 | 1 |
| 1997-98 (ഡി.സി.ബി& ഫൈനൽ) | എൽ.എഫ്.പി.റ്റി.എ-പി 09/466/08 തീയതി 30-11-2009 | വിവരം ലഭ്യമാക്കിയില്ല |
| 1998-99 (ഡി.സി.ബി& ഫൈനൽ) | എൽ.എഫ്.പി.റ്റി.എ-പി 09/467/08 തീയതി 30-11-2009 | വിവരം ലഭ്യമാക്കിയില്ല |
| 1999-00 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 09/468/08 തീയതി 02-06-2009 | വിവരം ലഭ്യമാക്കിയില്ല |
| 2000-01 (ജന.ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 02/89/04 തീയതി 14-05-2004 | വിവരം ലഭ്യമാക്കിയില്ല |
| 2001-02 (ജന.ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി.2/88/2004തീയതി 12-07-2004 | വിവരം ലഭ്യമാക്കിയില്ല |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി.9/23/2009 തീയതി 08-06-2010/22-11-2010 | എല്ലാ ഖണ്ഡികകളും |
| 1995-96 | എൽ.എഫ്.പി.റ്റി.എ-പി 9/466/08 തീയതി 07-0710/04-03-11 | 1 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി 6/362/10 തീയതി 04-10-11/20-03-12 | എല്ലാ ഖണ്ഡികകളും |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി 6/369/10 തീയതി 07-10-11/20-03-12 | എല്ലാ ഖണ്ഡികകളും |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി 2/768/11തീയതി 06-12-11/03-07-12 | എല്ലാ ഖണ്ഡികകളും |
| 2008-09 മുതൽ 2010-11 വരെ | എൽ.എഫ്.പി.റ്റി.എ-പി 9/335/13 തീയതി 05-07-13 | 4 |
| 2011-12 | എൽ.എഫ്.പി.റ്റി.എ-പി 9/427/13 തീയതി 03-1013 | 6 |
| 2012-13 | എൽ.എഫ്.പി.റ്റി.എ-പി 9/1066/14 തീയതി | 6 |
| 2013-14 & 2014-15 | എൽ.എഫ്.പി.റ്റി.എ-പി 9/875/15 തീയതി 15.10.2015 | 6 |
| 2015-16 | കെ.എസ്.എ പി.റ്റി.എ.പി9-1381/2016 തീയതി16.01.2017 | 17 |
| 2016-17 | കെ.എസ്.എ പിറ്റിഎ.പി9-776/2017 തീയതി 04-07-2017 | 1 |
| 2017-18 | നം.കെ.എസ്.എ.പിറ്റിഎ.പി9/1140/2018 തീയതി 4.8.2018 | 19 |
| 2018-19 | നം.കെ.എസ്.എ.പിറ്റിഎ.പി9/206/2020 തീയതി 7.5.2020 | 27 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

പത്തനംതിട്ട

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ കോന്നി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ കോന്നി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്